©
**കേരള സർക്കാർ**
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 14** Vol. XIV | **തിരുവനന്തപുരം, ബുധൻ** Thiruvananthapuram, Wednesday | **2025 ഒക്ടോബർ 29** 29th October 2025 **1201 തുലാം 12** 12th Thulam 1201 **1947 കാർത്തികം 7** 7th Karthika 1947 | **നമ്പർ** No. | **3797** |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 60/ലെഗ്. സി3/2025/നിയമം.

*തിരുവനന്തപുരം, 2025 ഒക്ടോബർ 28*
*1201 തുലാം 11*
*1947 കാർത്തികം 6.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2025 ഒക്ടോബർ 25-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജി. സനൽ കുമാർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2025-ലെ 8-ാം ആക്റ്റ്

# 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ആക്റ്റ്

2008-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റ്
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2008-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റ് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—2008-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റിലെ (2008-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) നിലവിലുള്ള (എ) ഖണ്ഡം (എഎ) ഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതും അപ്രകാരം പുനരക്ഷരം ചെയ്ത (എഎ) ഖണ്ഡത്തിന് മുൻപായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത്:—

"(എ) "അപ്പീൽ അധികാരി" എന്നാൽ 12-ാം വകുപ്പ് പ്രകാരമുള്ള അപ്പീൽ അധികാരി എന്നർത്ഥമാകുന്നു;";

(ii) (ഡി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഡിഎ) "കോമ്പൗണ്ടിംഗ് ഓഫീസർ" എന്നാൽ 16 ഡി വകുപ്പ് പ്രകാരം സർക്കാർ നിയോഗിക്കുന്ന ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. 16-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 16-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "ആറുമാസക്കാലംവരെ ആകാവുന്ന തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അഥവാ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തിഅയ്യായിരം രൂപ പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (2)-ാം ഉപവകുപ്പിൽ, "ആറുമാസക്കാലം വരെ ആകാവുന്ന തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തിഅയ്യായിരം രൂപ പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (3)-ാം ഉപവകുപ്പിൽ, "മൂന്നുമാസക്കാലം വരെ ആകാവുന്ന തടവോ രണ്ടായിരത്തി അഞ്ഞൂറ് രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തിഅയ്യായിരം രൂപ പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iv) (4)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

4. 16-ാം വകുപ്പിന് ശേഷം പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 16-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"16എ. പിഴ ചുമത്തുന്നതിന് മുൻപുള്ള അവസരം നൽകൽ.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 16-ാം വകുപ്പ് പ്രകാരമുള്ള പിഴ ചുമത്തുന്നതിനായി സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, വ്യവസായ/കയർ വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ തുല്യ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കാവുന്നതും, അദ്ദേഹം പിഴ ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് മുൻപായി പ്രസ്തുത വകുപ്പിലെ വ്യവസ്ഥകൾ പാലിക്കാൻ വ്യാപാരിക്ക് തൊണ്ണൂറ് ദിവസത്തിൽ അധികരിക്കാത്ത ഒരു സമയപരിധി രേഖാമൂലം നിശ്ചയിച്ചു നൽകേണ്ടതും, പ്രസ്തുത സമയപരിധിക്കുള്ളിൽ വ്യാപാരി മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ വ്യാപാരിക്കെതിരെ അത്തരത്തിലുള്ള നടപടികളൊന്നും തന്നെ ആരംഭിക്കാൻ പാടില്ലാത്തതുമാണ്.

16ബി. പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാലുള്ള ശിക്ഷ.—(1) 16-ാം വകുപ്പ് പ്രകാരം പിഴ ചുമത്തിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റിയ തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനുള്ളിൽ പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന ഏതൊരാളും ആറു മാസക്കാലം വരെയാകാവുന്ന തടവും പിഴത്തുകയുടെ ഇരട്ടിപ്പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) (1)-ാം ഉപവകുപ്പ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റവും, ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും വിചാരണയ്ക്കെടുക്കുവാൻ പാടില്ലാത്തതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റവും, പിഴ ചുമത്തുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടെയും അദ്ദേഹത്തിന്റെ രേഖാമൂലമുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലല്ലാതെ യാതൊരു കോടതിയും വിചാരണയ്ക്കെടുക്കുവാൻ പാടില്ലാത്തതാണ്.

16സി. പിഴ ചുമത്താൻ ഉദ്യോഗസ്ഥർക്കുള്ള അധികാരം.—(1) ഈ ആക്റ്റിലെ 16-ാം വകുപ്പ് പ്രകാരം പിഴ ചുമത്തുന്നതിലേക്കായി 16എ വകുപ്പ് പ്രകാരം സർക്കാർ നിയോഗിച്ച ഉദ്യോഗസ്ഥൻ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ഒരു അന്വേഷണം നടത്തിയതിനുശേഷം, ഈ ആക്റ്റ് പ്രകാരമുള്ള ഒരു പിഴ ചുമത്തേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അന്വേഷണം നടത്തുമ്പോൾ, ഉദ്യോഗസ്ഥന്, വിഷയത്തിന്റെ വസ്തുതകളുമായും സാഹചര്യങ്ങളുമായും നേരിട്ട് അറിവുള്ള ഏതൊരു ആളെയും തെളിവ് നൽകുന്നതിനായോ ഉദ്യോഗസ്ഥന്റെ അഭിപ്രായത്തിൽ അന്വേഷണവുമായി ബന്ധപ്പെട്ട വിഷയത്തിന് ഉപയോഗപ്രദമോ പ്രസക്തമോ ആകുന്നതുമായ ഏതെങ്കിലും രേഖ ഹാജരാക്കുന്നതിനായോ വിളിച്ചു വരുത്തുന്നതിനും ഹാജരാകുവാൻ നിർബന്ധിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതും, അത്തരം അന്വേഷണത്തിൽ ആ ആൾ കുറ്റം ചെയ്തുവെന്ന് ബോധ്യപ്പെടുന്നപക്ഷം, അദ്ദേഹം ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഒരു പിഴ ചുമത്തേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ച ഒരു ഉത്തരവിൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, അങ്ങനെയുള്ള ഉത്തരവ് അയാളെ അറിയിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ അപ്പീൽ അധികാരി മുമ്പാകെ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഫീസ് സഹിതവും, ഒരു അപ്പീൽ നൽകാവുന്നതാണ്:

എന്നാൽ, യഥാസമയം അപ്പീൽ നൽകുന്നതിൽ നിന്നും മതിയായ കാരണത്താൽ അപ്പീൽവാദി തടയപ്പെട്ടിരുന്നുവെന്ന് അപ്പീൽ അധികാരിക്ക് ബോധ്യമാകുന്നപക്ഷം, നിശ്ചിത സമയമായ മുപ്പത് ദിവസത്തെ കാലാവധി കഴിഞ്ഞതിനുശേഷം ബോധിപ്പിക്കുന്ന അപ്പീലും അപ്പീൽ അധികാരിക്ക് പരിഗണിക്കാവുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) അപ്പീൽ അധികാരിക്ക് അപ്പീൽ കക്ഷികളെ കേൾക്കുന്നതിനുള്ള ഒരവസരം നൽകിയതിനുശേഷം, അപ്പീൽ ലഭിച്ച തീയതി മുതൽ അറുപതുദിവസത്തിനുള്ളിൽ, ഏത് ഉത്തരവിനെതിരെയാണോ അപ്പീൽ നൽകിയിട്ടുള്ളത് ആ ഉത്തരവ് സ്ഥിരീകരിക്കുകയോ രൂപഭേദപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നത് ഉചിതമാണെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള ഉത്തരവ് പാസ്സാക്കാവുന്നതാണ്.

(5) പിഴയായി ഈടാക്കുന്ന തുക സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.

16<u>ഡി</u>. <u>കുറ്റങ്ങൾ രാജിയാക്കൽ.</u>—(1) 16<u>ബി</u> വകുപ്പ് പ്രകാരമുള്ള കുറ്റങ്ങൾ രാജിയാക്കുന്നതിന് പ്രോസിക്യൂഷൻ നടപടികൾക്കു മുൻപോ പിൻപോ കുറ്റാരോപിതന്, സർക്കാർ വിജ്ഞാപനപ്രകാരം നിയോഗിക്കുന്ന വ്യവസായ/കയർ വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ തുല്യ പദവിയിലുള്ള കോമ്പൗണ്ടിംഗ് ഓഫീസർ മുൻപാകെ അപേക്ഷ സമർപ്പിക്കാവുന്നതും പ്രസ്തുത വകുപ്പ് പ്രകാരം ചുമത്തിയിട്ടുള്ള പിഴത്തുകയുടെ എഴുപത്തിയഞ്ചു ശതമാനം ഒടുക്കിയാൽ കോമ്പൗണ്ടിംഗ് ഓഫീസർക്ക് രാജിയാക്കാവുന്നതുമാണ്.

(2) കുറ്റങ്ങൾ രാജിയാക്കുന്നതിനുള്ള എല്ലാ അപേക്ഷകളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും നൽകേണ്ടതാണ്.

(3) പ്രോസിക്യൂഷൻ നടപടികൾക്ക് മുൻപായി കുറ്റങ്ങൾ രാജിയാക്കുകയാണെങ്കിൽ, അത്തരം സന്ദർഭങ്ങളിൽ കുറ്റാരോപിതനുമേൽ പ്രസ്തുത കുറ്റവുമായി ബന്ധപ്പെട്ട് യാതൊരു പ്രോസിക്യൂഷൻ നടപടികളും ആരംഭിക്കാൻ പാടുള്ളതല്ല.

(4) പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചതിനുശേഷം കുറ്റങ്ങൾ രാജിയാക്കുന്നത് കോടതിയുടെ അനുമതിയോടു കൂടി ആയിരിക്കേണ്ടതും അപ്രകാരമുള്ള രാജിയാക്കലിന് ശേഷം കുറ്റാരോപിതൻ പ്രസ്തുത കുറ്റത്തിൽ നിന്നും കുറ്റവിമുക്തനാകുന്നതുമാണ്.

(5) കുറ്റങ്ങൾ രാജിയാക്കുന്നതിലൂടെ ലഭിക്കുന്ന തുക സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

**Law (Legislation-C) Department**

NOTIFICATION

No. 60/Leg. C3/2025/Law. *Dated, Thiruvananthapuram,* *28th October, 2025*
*11th Thulam, 1201*
*6th Karthika, 1947.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Coir Workers' Welfare Cess (Amendment) Act, 2025 (8 of 2025).

By order of the Governor,

K. G. SANAL KUMAR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of “2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ആക്റ്റ്” published under the authority of the Governor.]

## ACT 8 OF 2025

## THE KERALA COIR WORKERS’ WELFARE CESS (AMENDMENT) ACT, 2025

*An Act to amend the Kerala Coir Workers’ Welfare Cess Act, 2008.*

*Preamble.*—WHEREAS, it is expedient to amend the Kerala Coir Workers’ Welfare Cess Act, 2008 for the purposes hereinafter appearing;

BE it enacted in the Seventy-sixth year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Coir Workers’ Welfare Cess (Amendment) Act, 2025.

(2) It shall come into force at once.

2. *Amendment of section 2.*—In the Kerala Coir Workers’ Welfare Cess Act, 2008 (20 of 2008) (hereinafter referred to as the principal Act), in section 2,—

(i) the existing clause (a) shall be re-lettered as clause (aa) and before clause (aa) so re-lettered, the following clause shall be inserted, namely:—

“(a) “Appellate Authority” means the appellate authority under section 12;”;

(ii) after clause (d), the following clause shall be inserted, namely:—

“(da) “Compounding Officer” means an officer designated by the Government under section 16 D;”.

3. *Amendment of section 16.*—In section 16 of the principal Act,—

(i) in sub-section (1), for the words and symbol “shall be punishable with imprisonment which may extend to six months, or with fine which may extend to five thousand rupees or with both” the words “shall be punishable with a penalty of twenty five thousand rupees” shall be substituted;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) in sub-section (2), for the words "shall be punishable with imprisonment which may extend to six months or with fine which may extend to five thousand rupees or with both" the words "shall be punishable with a penalty of twenty five thousand rupees" shall be substituted;

(iii) in sub-section (3), for the words "be punishable with imprisonment for a term which may extend to three months or with fine which may extend to two thousand five hundred rupees or with both" the words "be punishable with a penalty of twenty five thousand rupees" shall be substituted;

(iv) sub-section (4) shall be omitted.

4. *Insertion of new sections after section 16*.—After section 16 of the principal Act, the following sections shall be inserted, namely:—

"16A. *Giving opportunity before imposing penalty.*—Notwithstanding anything contained in this Act, for imposing penalty under section 16, the Government may, by notification in the Gazette, designate an officer equivalent to the rank of the Joint Director in the Industries/Coir Department, who shall before taking steps to impose penalty, give an opportunity to the dealer to comply with the provisions of the said section by written direction laying down a time period not exceeding ninety days for such compliance and if the dealer complies with the above direction within the said period, then, no such proceedings shall be initiated against the dealer.

16B. *Punishment for default in payment of penalty*.—(1) Whoever fails to pay the penalty imposed under section 16, within a period of ninety days from the date of receipt of the copy of the order, shall be punishable with imprisonment for a term which may extend to six months and with fine of double the amount imposed as penalty.

(2) No Court inferior to that of a Judicial Magistrate of the First Class shall try any offence punishable under sub-section (1).

(3) No Court shall take cognizance of any offence punishable under sub-section (1), except on the basis of the previous sanction of the officer authorised to impose the penalty and on his written report.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

16C. *Power of Officers to impose penalty*.—(1) For the purpose of imposing penalty under section 16 of this Act, an officer designated by the Government under section 16A, after holding an enquiry in the manner as may be prescribed, shall impose a penalty as provided under this Act.

(2) While holding enquiry under sub-section (1), the officer shall have the power to summon and enforce attendance of any person acquainted with the facts and circumstances of the case to give evidence or to produce any document, which in the opinion of the officer, may be useful or relevant to the subject matter of the enquiry and on such enquiry, if he is satisfied that the person has committed the offence, he shall impose a penalty as provided under this Act.

(3) Any person aggrieved by an order issued by the officer under sub-section (2), may prefer an appeal before the appellate authority in such form and in such manner with such fee, as may be prescribed, within thirty days from the date on which such order is communicated to him:

Provided that the Appellate Authority may entertain the appeal after the expiry of the said period of thirty days, if such authority is satisfied that the appellant was prevented by sufficient cause from filing the appeal in time.

(4) The appellate authority may, after giving the parties to the appeal an opportunity of being heard, pass such order as he thinks fit, confirming, modifying or setting aside the order appealed against within a period of sixty days from the date of receipt of the appeal.

(5) The amount of penalty received shall be credited to the Consolidated Fund of the State.

16D. *Compounding of Offences.*—(1) For compounding the offences under section 16B, the accused, either before or after the institution of prosecution, may submit an application before the Compounding Officer equivalent to the rank of Joint Director in the Industries/Coir Department, designated by the Government by notification in the Gazette, and on payment of seventy five per cent of the amount of fine provided under the said section, the Compounding Officer may compound the offence.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) Every application for compounding the offences shall be made in such form and in such manner as may be prescribed.

(3) Where the compounding of the offences is made before the institution of prosecution, in such situations, no prosecution shall be instituted against the accused with respect to the said offence.

(4) Where the compounding of the offences is made after institution of the prosecution, such compounding shall be made with the permission of the court and after such compounding the accused shall be acquitted from the said offence.

(5) The amount received on compounding of the offences shall be credited to the Consolidated Fund of the State.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.29 04:49:44 +05:30